(സി) ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ നിർണ്ണയിക്കപ്പെട്ട പട്ടികയുടെ അടിസ്ഥാനത്തിലാണ് വസ്തു നികുതി കണക്കാക്കുന്നത്. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ഏറ്റക്കുറിച്ചിൽ, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി, ചുമരിന്റെ നിർമ്മിതി, എയർകണ്ടീഷനിംഗ് സൗകര്യം, കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം എന്നിവ അനുസരിച്ച് അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും നിർണ്ണയിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ കാലതാമസവും അഴിമതിയും തടയാൻ നടപടി

138(346) ശ്രീ. കെ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കെട്ടിട നിർമ്മാണ ചട്ടം സംസ്ഥാനത്ത് നടപ്പാക്കിയതോടുകൂടി കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിൽ ഗുരുതരമായ കാലതാമസവും അഴിമതിയും നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളെ ഈ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ആയത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13.14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. പലപ്പോഴും ഈ സമയപരിധി പാലിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാലതാമസം ഒഴിവാക്കി, നിശ്ചിത സമയപരിധിക്കുള്ളിൽ കൂറ്റമറ്റ രീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേക്കായി 27-6-2010-ൽ 36587/ആർ.എ1/2009 തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നഗരസഭയ്ക്കും 23-12-2010-ൽ 36587/(1)/ആർ.എ1/09/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ഓരോ ഉദ്യോഗസ്ഥരും പരിശോധിച്ചു തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് കൊണ്ട് 15-9-2010-ൽ71395/ആർ.എ2/2009/തസ്വഭവ. നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 150 ച.മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാർ മുഖേനയുള്ള അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് കെട്ടിട നിർമ്മാണാനുമതി, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന അപേക്ഷകർക്ക് അയച്ചുകൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ഗ്രാമപഞ്ചായത്തുകൾക്കായുള്ള കെട്ടിടനിർമ്മാണ ചട്ടം തയ്യാറാക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. അത് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമല്ലാതാകുന്നതാണ്.

കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

139(347) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും പുതിയ കണക്കനുസരിച്ച് ആലപ്പുഴ നഗരത്തിൽ എത്ര വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നികുതിയിനത്തിൽ നഗരസഭയ്ക്ക് എന്ത് വരുമാനം പ്രതിവർഷം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

ഉത്തരം

(എ) നഗരത്തിലെ വീടുകളുടെ എണ്ണം : 41986

വാണിജ്യ സ്ഥാപനങ്ങൾ : 12246

ആരാധനാലയങ്ങൾ

ഹൈന്ദവ ക്ഷേത്രങ്ങൾ	- 51
ജൈന ക്ഷേത്രങ്ങൾ	- 2
ക്രിസ്ത്യൻ ചർച്ച്	- 43
മുസ്ലീം പള്ളി	- 52
ആകെ	148

(ബി) 2009-10 : 1,89,06,223

2010-11 : 1,45,69,885 (31-1-2011 വരെ)

LIBRARY ARCHIVES Kerala Legislative Assembly